(Pages : 4)

**S 1801**

# S.S.L.C. EXAMINATION, MARCH - 2018

## MALAYALAM

First Language - Paper I

Time : 1½ Hours Total

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

Score

1. '<u>ഭാരതീയ നാടകങ്ങളു</u>ടെ മുന്നണിയിൽ നിൽക്കുന്ന രചനയാണ് അഭിജ്ഞാനശാകുന്തളം' 1

അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹ രൂപം ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക.

- ഭാരതം എന്ന നാടകം
- ഭാരതീയമായ നാടകം
- ഭാരതവും നാടകവും
- ഭാരതമാകുന്ന നാടകം

2. എം. പി. പോളിന്റെ അഭിപ്രായത്തിൽ ചിത്രകലയുടെ ഗുണവിശേഷങ്ങളിൽപ്പെടാത്തത് ഏത് ? ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. 1

- സാർവജനീനമായ ഭാഷ
- കണ്ണുള്ളവർക്കെല്ലാം ആസ്വദിക്കാം
- ചലനമാണ് ചിത്രകലയുടെ ജീവൻ
- നൈമിഷികമായതിനെ ശാശ്വത പ്രായമാക്കുന്നു.

3. "അതിൽനിന്ന് പുറത്തു കടക്കുമ്പോഴോ ? 1

വീണ്ടും <u>കഴുകന്റെ നഖങ്ങളിലേക്ക്</u> ! "

അടിവരയിട്ട പ്രയോഗം, ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥയെക്കുറിച്ച് നൽകുന്ന സൂചനയെന്ത് ? ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

- എപ്പോഴും ഇരയായിത്തീരുന്നതിന്റെ നിസ്സഹായാവസ്ഥ
- പ്രാരാബ്ധങ്ങൾ സ്വയം തലയിലേറ്റുന്നു.
- ചുഴലി രോഗത്താൽ വലയുന്നു
- കഴുകന്റെ ഇരയായിത്തീരുന്നു

4. ചുവടെ കൊടുത്തിരിക്കുന്ന വാക്യം അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളായി മാറ്റിയെഴുതുക. 1

ഞാൻ ഹൈസ്കൂളിൽ വിദ്യാർത്ഥിയായിരുന്ന കാലത്ത് ഉണ്ടായ ഒരു സംഭവമാണ് എന്നെ ചെറുകഥകളെഴുതാൻ പ്രേരിപ്പിച്ചത്.

P.T.O.

Score

5 മുതൽ 7 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് മാത്രം ഉത്തരമെഴുതുക. (ഒരോന്നിനും 2 സ്കോർ) 2x2=4

5. പ്രിയദർശനം എന്ന ശീർഷകം കാവ്യഭാഗത്തിന് എത്രമാത്രം യോജിക്കുന്നുണ്ട് ? രണ്ടു നിഗമനങ്ങൾ കുറിക്കുക.

6. ''മാപ്പുനൽകുകെൻ പ്രിയമൈക്കലാഞ്ജലോ, മാപ്പ്,
മാപ്പി,വർ ചെയ്യുന്നതെന്തെന്നിവരറിവീലാ!...''
അടിവരയിട്ട വരികൾ കാവ്യസന്ദർഭത്തിന് നൽകുന്ന അർത്ഥവ്യാപ്തി കണ്ടെത്തിയെഴുതുക.

7. ''പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു
നളനു വേറെ കർമ്മം നമുക്കു കർമ്മം വേറെ.''
– പുഷ്കരന്റെ ഈ വാക്കുകളെ വൈകി വന്ന വിവേകം എന്നു വിശേഷിപ്പിക്കാമോ ? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

8 മുതൽ 13 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (അരപ്പുറം വീതം. ഓരോന്നിനും 4 സ്കോർ) 4x5=20

8. ''പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ.''
''കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം''.

(കടൽത്തീരത്ത്)

ഗ്രാമീണരും നാഗരികരും വെള്ളായിയപ്പനോട് പെരുമാറുന്നത് ഒരേപോലെയാണോ? കഥ വിശകലനം ചെയ്തു സ്വാഭിപ്രായം സമർത്ഥിക്കുക.

9. ''ചലനമാണ് കവിതയുടെ ജീവൻ. അതു ചിലപ്പോൾ മന്ദവും ചിലപ്പോൾ ശീഘ്രവുമായിരിക്കാം.''

(ചിത്രകലയും കാവ്യകലയും)

ലേഖകന്റെ ഈ നിരീക്ഷണം ചുവടെ കൊടുത്തിരിക്കുന്ന കാവ്യഭാഗത്ത് എത്രമാത്രം തെളിയുന്നുണ്ട് ? വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

''പുഞ്ചിരിപ്പൂ ഞാൻ, വീണ്ടുമുണർന്നാക്കുള്ളിർവെണ്ണ-
ക്കല്ലിനുമീതേ നിന്റെ ചുറ്റികയൊരു കരി-
വണ്ടുപോൽ ചുറ്റിപ്പറന്നുളിതൻ നിറുകയിൽ
ചുംബിക്കും ഹർഷോന്മാദസീൽക്കാരം
കേൾക്കുന്നു ഞാൻ''

(മൈക്കലാഞ്ജലോ മാപ്പ്)

10. ''ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു. ഇല്ല എന്ന വാക്കിന് എല്ലാ വിധത്തിലുള്ള ധ്വനിയും പേറാവുന്ന ഒരുത്തരം അയാളുടെ ഹൃദയത്തെ വേവിക്കാൻ തുടങ്ങി.''

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

കിഴവൻ മിറലിന്റെ തീവ്രമായ ആന്തരികസംഘർഷങ്ങൾ കഥാകൃത്ത് ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ? കഥാസന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Score

11. ''മണ്ണിൽനിന്നു പിറന്നവർ മണ്ണിനെ-
പ്പൊന്നണിയിച്ച സംസ്കാരശിൽപ്പികൾ!''
''ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!''

(അശ്വമേധം)

വയലാറിന്റെ കാവ്യദർശനത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ തെളിയുന്നത് ? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർത്ഥിക്കുക.

12. ''നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ, കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മതന്നെ വളർത്തണം''

(വിശ്വരൂപം)

മാഡം തലത്തിനെ ഈ തിരിച്ചറിവിലേക്കെത്തിച്ച ജീവിതസാഹചര്യങ്ങളെ വിമർശനാത്മക- മായി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

13. ''അക്കാലത്ത് എനിക്ക് ഒരു ഖദർ ഷർട്ടും ഒരു ഖദർ മുണ്ടും ഉണ്ടായിരുന്നു. ഒരു ഷർട്ടും ഒരു മുണ്ടും മാത്രം. അന്നു ഖദർ സ്വാതന്ത്ര്യത്തിന്റെയും പ്രതിഷേധത്തിന്റെയും ചിഹ്നമായിരുന്നു. വിദേശിത്തരങ്ങൾ ധരിക്കയില്ലെന്നു ഞാൻ നിർബ്ബന്ധം വച്ചിരുന്നു.''

(അമ്മ)

ഈ കഥയിൽ നിന്നും പുതിയ തലമുറയ്ക്ക് ലഭിക്കുന്ന തിരിച്ചറിവുകൾ എന്തെല്ലാമാണ് ? കഥ വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

**14** മുതൽ **16** വരെ ചോദ്യങ്ങളിൽ ഏതെങ്കിലും **2** എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.
(ഒരു പുറം വീതം - ഓരോന്നിനും **6** സ്കോർ) **6x2=12**

14. ''എക്കാലത്തും പ്രസക്തങ്ങളായ ജീവിതപാഠങ്ങളാണ് എഴുത്തച്ഛന്റെ കവിതകളുടെ പ്രധാന സവിശേഷത.''

– ഈ പ്രസ്താവനയുടെ സാധുത താഴെ കൊടുത്തിരിക്കുന്നവയും ലക്ഷ്മണസാന്ത്വനം എന്ന പാഠഭാഗവും വിശകലനം ചെയ്തു ഉപന്യാസം തയ്യാറാക്കുക.

- പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
  ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും

- ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ
  കഷ്ടകാലത്തിങ്കലില്ലെന്നു നിർണ്ണയം

15. ''ഈ ജയം ജയമല്ല, മറിച്ച്, പരാജയം തന്നെയാണ്.''
''ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല, നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു''.

(യുദ്ധത്തിന്റെ പരിണാമം)

യുദ്ധത്തിൽ വിജയികളില്ല; പരാജിതരേയുള്ളൂ എന്ന തിരിച്ചറിവാണ് മഹാഭാരത കഥ പകർന്നുനല്കുന്നത്. പാഠഭാഗവും സമകാലിക ലോകസാഹചര്യങ്ങളും വിലയിരുത്തി 'യുദ്ധം മാനവരാശിക്കാപത്ത്' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

Score

16. ചുവടെ കൊടുത്തിരിക്കുന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക. [കവിതയുടെ പ്രമേയം, ആക്ഷേപഹാസ്യം, സമകാലിക പ്രസക്തി തുടങ്ങിയവ പരിഗണിക്കണം].

ലോകത്തിലെങ്ങുമേ ചെന്നു
പിഴയ്ക്കാൻ കഴിവേറിയോൻ
മലയാളത്തിലുള്ളോരു
മാനുഷൻ മഹിതാശയൻ

ഭാഷയേതുമതേമട്ടിൽ
പേശുവാൻ വശമാകുവോൻ
വേഷമേതു ധരിപ്പാനു
മേതുമേ മടിയറ്റവൻ

ഏതു ഭക്ഷണവും വേഗ-
മിഷ്ട ഭക്ഷണമാകുവോൻ
ഏതു നാടും തന്റെ വീടായ്
മാറ്റുവാൻ കഴിവുറ്റവൻ

* * * * * * * * * * *

സ്വദേശത്തും വിദേശീയ
വേഷം കെട്ടിരസിപ്പവൻ
സ്വന്തം കുഞ്ഞ് വിദേശിക്കു-
ഞ്ഞായിക്കാണാൻ കൊതിപ്പവൻ

വിശ്വമാനവനേ താനെ-
ന്നുദ്ഘോഷിച്ചു നടപ്പവൻ
വിശ്വം തന്നുടെ കുപ്പായ
ക്കീശയായിട്ടെടുപ്പവൻ

ഇത്തരത്തിലെഴുന്നോരു
മലയാളി ജയിപ്പിതേ
എന്നാലവന്റെ നാടായ
കേരളം പാപ്പറാവിതേ

(കുഞ്ഞുണ്ണി)